**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2073** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഇടുക്കി ജില്ലയുടെ വികസനത്തിനായുള്ള ഇടുക്കി പാക്കേജിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ഇടുക്കി വികസന പാക്കേജിനായി 2022-23, 2023-24, 2024-25 വർഷങ്ങളിലായി 75.00 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇടുക്കി വികസന പാക്കേജിന്റെ ഭാഗമായി ചുവടെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. |
| (സി) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | 29.43 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചോദ്യം (ബി) ൽ പരാമർശിച്ചിട്ടുള്ള 10.20 കോടി രൂപയുടെ 5 പദ്ധതികൾക്ക് 2022-23 വർഷത്തിലും 19.23 കോടി രൂപയുടെ 3 പദ്ധതികൾക്ക് 2023-24 വർഷത്തിലും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | എത്ര വർഷത്തിനുള്ളിൽ പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇടുക്കി വികസന പാക്കേജിനായി കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (ഇ) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ഈ വർഷം ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും അനുമതി ലഭിച്ച 2023-24 വർഷത്തിൽ ഏറ്റെടുത്ത ചുവടെ പറയുന്ന പദ്ധതികൾക്ക് രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തി ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br><br>കൂടാതെ 13.50 കോടി രൂപയുടെ 4 പദ്ധതികൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 18.11.2023 ന് ചേർന്ന ഇടുക്കി വികസന പാക്കേജ് ജില്ലാതല യോഗതീരുമാനപ്രകാരം 2023-24 വർഷം നടപ്പിലാക്കുന്നതിനായി 19.00 കോടി രൂപയുക്കുള്ള പ്രൊപ്പോസലുകൾ കൂടി മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് അംഗീകാരത്തിനായി സംസ്ഥാന |

| | | | |
|---|---|---|---|
| | | | ആസൂത്രണ ബോർഡിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

| Schemes | Amount (in Crores) |
|---|---|
| **2022-23** | |
| Construction of model micro watershed development projects in Idukki | 2.00 |
| Vandiperiyar canal rejuvenation and flood protection works | 2.00 |
| Construction of Multipurpose Gym and Amenity Centre at Government Engineering College, Idukki | 2.00 |
| Infrastructural Development of Chemmannu Higher Secondary School, Elappara | 3.00 |
| Establishment of tourist boating facility in Idukki Dam reservoir | 1.20 |
| **Sub total** | **10.20** |
| **2023-24** | |
| Development of Government Ayurveda Medical College, Udumbanchola | 10.00 |
| Construction of Working Women's and Men's Hostel in Painav | 7.00 |
| Installation of Solar Fencing in Human-Animal Conflict Areas | 2.23 |
| **Sub Total** | **19.23** |
| **Grant Total** | **29.43** |